LIBRARY ARCHIVES Kerala Legislative Assembly

## വാണിജ്യ നികുതി വകുപ്പിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക

131 (7967) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിൽ എത്ര രൂപയുടെ കുടിശ്ശിക ഇതുവരെയായി പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വാണിജ്യ നികുതി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുമൂലം 35047.53 ലക്ഷം രൂപയും സർക്കാരിന്റെ സ്റ്റേ ഉത്തരവുമൂലം 31-3-2014 വരെ 230.19 കോടി രൂപയും കുടിശ്ശികയുണ്ട്. ബാക്കി തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വാണിജ്യ നികുതി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. 31-3-2014-ൽ ഈ കാലാവധി അവസാനിച്ചുവെങ്കിലും ധനകാര്യ ബില്ലിന്റെ ഭേദഗതിയിലൂടെ 31-8-2014 വരെ ഓപ്ഷൻ ഫയൽ ചെയ്യുവാനും 31-12-2014 വരെ പണം അടയ്ക്കുവാനും സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾക്ക് വേണ്ടി 2008-ൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ആംനസ്റ്റി പദ്ധതി, അതേ വ്യവസ്ഥകൾക്ക് വിധേയമായി വീണ്ടും നടപ്പിലാക്കി. ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 31, 2014 ആയും കുടിശ്ശിക അടച്ച് തീർക്കാനുള്ള തീയതി ഡിസംബർ 31, 2014 ആയും നിജപ്പെടുത്തി.

## നികുതി പിരിവ് കാര്യക്ഷമമാക്കാനുള്ള നടപടികൾ

132 (7968) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാരിന്റെ സ്റ്റേ ഉത്തരവുകൾ എത്ര കോടിയുടെ നികുതി പിരിവിന് തടസ്സമായി നിൽക്കുന്നു ;